## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6202 — 07-11-2016 ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| | ശ്രീ. പി.കെ.ബഷീർ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ പ്രതിപാദിക്കുന്ന പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്<br>1. മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ<br>2. രാജീവ് ഗാന്ധി സേവാഘർ<br>3. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ - കിണർ, കക്കൂസ്, അങ്കണവാടി, റോഡ്, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം<br>4. വെള്ളപ്പൊക്ക നിയന്ത്രണ - നിവാരണ പ്രവൃത്തികൾ<br>5. ചെറുകിട ജലസേചന പ്രവൃത്തികൾ |
| (ബി) | പ്രസ്തുത വർഷം തൊഴിലുറപ്പ് പദ്ധതിക്കായി എത്ര തുകയാണ് കേന്ദ്രത്തിൽ നിന്നും അനുവദിച്ചത്; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത വർഷം തൊഴിലുറപ്പ് പദ്ധതിക്കായി 152633.93 ലക്ഷം രൂപയാണ് കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുള്ളത്. |
| (സി) | സ്ത്രീ തൊഴിലാളികൾക്കായി എന്തെങ്കിലും പ്രത്യേക പദ്ധതി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) | തൊഴിലുറപ്പ് നിയമം രണ്ടാം പട്ടിക സെക്ഷൻ (6) പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളിൽ 1/3 നിർബന്ധമായും സ്ത്രീകളായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾക്ക് മുൻഗണന നൽകി വരുന്നു. കൂടാതെ തൊഴിലാളികൾക്ക് സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ തുല്യവേതനമാണ് നൽകി വരുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ, കുട്ടികളുടെ എണ്ണം 5-ൽ കൂടുതൽ ഉണ്ടെങ്കിൽ ആയയെ നിയമിക്കാനുള്ള സൗകര്യം എന്നിവയും മേൽ പദ്ധതിയിൽ സ്ത്രീകൾക്ക് ഗുണപ്രദമായ ഘടകങ്ങളാണ്. |

| | | | |
|---|---|---|---|
| (ഡി) | പുതിയ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഏതെല്ലാം തൊഴിലുകളാണ് കൂടുതലായി ഉൾപ്പെടുത്തിയിട്ടുള്ളത്; | (ഡി) | പുതിയ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ജല സംരക്ഷണ പ്രവൃത്തികൾ, വീട് പോലെയുള്ള വ്യക്തിഗത ആസ്തികളുടെ സൃഷ്ടി, കൃഷിയും അനുബന്ധ മേഖലകളിലെ പ്രവൃത്തികൾ പൊതു സ്ഥലങ്ങളുടെ ഭൂവികസന പരിപാടികൾ, ചെറുകിട ജലസേചന സംവിധാനങ്ങൾ, വരൾച്ചാ നിവാരണം, ഗ്രാമീണ ശുചിത്വം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. |
| (ഇ) | കേരളത്തിന് പ്രയോജനപ്രദമായതും പ്രത്യുൽപ്പാദനപരമായതുമായ മേഖലകൾ കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | കേരളത്തിന് പ്രയോജനപ്രദമായതും പ്രത്യുല്പാദനപരമായതുമായ മേഖലകൾകൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ട്. ഭൂമി, ജലം, മരങ്ങൾ എന്നിവയുടെ സംരക്ഷണത്തിലൂടെ ഉത്പാദനക്ഷമത ഉയർത്തുന്ന നടപടികൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ആയതിൻ പ്രകാരം വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം, വളക്കുഴി നിർമ്മാണം, കുളം നിർമ്മാണം, കിണർ റീചാർജ്ജ്, റോഡിന്റെ വശങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് എന്നീ പ്രവൃത്തികൾ കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ